# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 8017** **16.07.2014- ൽ മറുപടിക്ക്**

## കൈത്തറിയുടെ വികസനം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവുംവകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ കൈത്തറിയുടെ വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നായ കൈത്തറിയുടെ വികസനത്തിനായി നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര കൈത്തറി സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) സംസ്ഥാനത്ത് 431 കൈത്തറി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) ഹാന്റക്സിന് കോഴിക്കോട് ജില്ലയിൽ എത്ര വില്പനകേന്ദ്രങ്ങൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (സി) ഹാന്റക്സിന് കോഴിക്കോട് ജില്ലയിൽ 9 വിൽപ്പന കേന്ദ്രങ്ങൾ ഉണ്ട്.<br>അവ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ്.<br>1. ബാലുശ്ശേരി<br>2. കോഴിക്കോട് നമ്പർ 1 കോഴിക്കോട്, കല്ലായി റോഡ്.<br>3. ഫറൂക്ക് - നമ്പർ 1- ഫറൂക്ക്<br>4. കൊയിലാണ്ടി- കൊയിലാണ്ടി<br>5. കോഴിക്കോട്-ഷോറും-കോഴിക്കോട്<br>6. കോഴിക്കോട്-ദോത്തി ഷോറൂം-കോഴിക്കോട്<br>7. കോഴിക്കോട്- റിഡക്ഷൻ സെന്റർ-കോഴിക്കോട്<br>8. വടകര ഷോറൂം- വടകര<br>9. കല്ലാച്ചി ഷോറൂം-കല്ലാച്ചി |

| | |
|---|---|
| (ഡി) പല വില്പനകേന്ദ്രങ്ങളും ശോച്യാവസ്ഥയിൽ ആയതുകാരണം ഉപഭോക്താക്കൾ എത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) ഇതു പരിഹരിച്ച് വില്പനകേന്ദ്രങ്ങളെ ആകർഷകമാക്കി വില്പന വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) വിൽപന ശാലകളുടെ നവീകരണത്തിനായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ ആരംഭിച്ച് ഉടൻ തന്നെ പണികൾ പൂർത്തീകരിക്കുന്നതാണ്. ഡിപ്പോ നവീകരിക്കുന്നതു വഴി അവ ആകർഷകമാക്കുവാനും വിൽപന വർദ്ധിപ്പിക്കുവാനും സാധിക്കും |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## കൈത്തറി വ്യവസായ മേഖല സംരക്ഷിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം

1) അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.

2) നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.

3)ഹാൻടെക്സിനും, ഹാൻവീവിനും പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഉത്സവ സീസണുകളിൽ 20% റിബേറ്റും കൈത്തറി ഉണികളുടെ വിൽപനക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവും നൽകുന്നു.(5% സംസ്ഥാനം വഹിക്കുന്നു, 5% കേന്ദ്രം വഹിക്കുന്നു.)

4)വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോട് അനുബന്ധിച്ച് ജില്ല തോറും കൈത്തറി പ്രദർശനങ്ങൾ, വില്പനമേളകൾ എന്നിവ സംഘടിപ്പിക്കുന്നു.

5)നിലവിലുള്ള ഷോറും നവീകരിക്കുന്നതിനും പുതിയ ഷോറൂം നിർമ്മിക്കുന്നതിനും സഹായം നൽകുന്നു. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 19 ഷോറൂമുകൾ നവീകരിക്കുന്നതിനും 6 പുതിയ ഷോറൂ മുകൾ നിർമ്മിക്കുന്നതിനും സഹായം നൽകി. 3 ഷോറൂമുകളുടെ പണി പൂർത്തീകരിച്ചു.

6)കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി നൽകി വരുന്നു.

7)ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു.

8)കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി 7 യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് മാർജിൻമണി ലോണും നൽകി വരുന്നു.

9)കേന്ദ്രഗവണ്മെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.

10)കൈത്തറി വസ്തുങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നടത്തി വരുന്നു.

11)പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകുന്നു. ഇതു വഴി പ്രവർത്തന മൂലധനം സ്വരൂപീകരിക്കാൻ കഴിയുന്നു.

12)കൈത്തറി നെയ്ത്ത് സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗിക യന്ത്രവൽക്കരണത്തിന് 100% ഗ്രാന്റ് നൽകുന്നു.

13)കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നു.

14)അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സാമ്പത്തിക പദ്ധതി നടപ്പിലാക്കുന്നു.

15)ഫാക്ടറിയേതര സൊസൈറ്റികളിലൂടെ നെയ്ത്തു കാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു.

16)ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് നെയ്ത്തുകാരേയും അനുബന്ധ തൊഴിലാളികളെയും പ്രവർത്തനോന്മുഖമാക്കുന്നതിന് പ്രചോദന പരിപാടി നടപ്പിലാക്കുന്നു.

17)കൈത്തറി മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ റിവൈവൽ, റിഫോം & റീസ്ട്രക് ചറിംഗ് പാക്കേജ് രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നു. ഇതുവഴി പ്രാഥമിക കൈത്തറി സംഘങ്ങളുടേയും, ഹാന്റക്സിന്റേയും വ്യക്തിഗത യൂണിറ്റുകളുടേയും 31.03.2010 വരെയുള്ള വായ്പാ കുടിശ്ശിക 100%വും പലിശയുടെ 25%വും എൻ.പി.എ ആകുന്നതുവരെ ഒഴിവാക്കുന്നതാണ്. എൻ.സി.ഡി.സി വായ്പയും ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള സ്റ്റോക്കിന്റെ 50% വിലയും ഹാന്റക്സിനും, പ്രൈമറി സംഘങ്ങൾക്കും ലഭിക്കുന്നു. ഒന്നാംഘട്ടത്തിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 124 സംഘങ്ങളിൽ 122 പ്രാഥമിക സംഘങ്ങൾക്കും, 1112 വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിച്ചു. രണ്ടാം ഘട്ടത്തിൽ ഹാന്റക്സിനും 233 പ്രാഥമിക സംഘങ്ങൾക്കും 5 വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ